## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.429

21.03.2018 ൽ മറുപടിയ്ക്ക്

### വിപണന ശൃംഖല ആധുനികവൽക്കരിക്കാൻ സപ്ലൈകോയുടെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വിപണന ശൃംഖല ആധുനിക വൽക്കരിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്ന തിനും ലക്ഷ്യമിട്ട് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (എ) സപ്ലൈകോയുടെ വില്പന ശാലകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പ വരുത്തുന്നതിനായി സംസ്ഥാനത്തെ 100 സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ പുതിയ റാക്കുകൾ, നവീകരിച്ച ടോയ് ലറ്റുകൾ, സി.സി.ടി.വി സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ച് നവീകരണം നടത്തുന്നതിനും വിപണന സാധ്യതയും സ്റ്റോറേജ് സൗകര്യവും പരിഗണിച്ച് സാധാരണ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലേക്ക് ഉയർത്തുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺമാവേലി (FMCG) സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള പരമാവധി സംവിധാനം ഏർപ്പെടുത്തുന്നതിനും സ്വകാര്യ കമ്പനികളുമായി ചേർന്ന് ഡിസ്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാന കൂപ്പണുകൾ എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇതു സംബന്ധിച്ച് കോർപ്പറേഷൻ സർക്കാരിന് കരട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) 2018-19 ലെ ബഡ്ജറ്റിൽ സപ്ലൈകോ വില്പനശാലകളുടെ നവീകരണത്തിന് 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഗുണമേന്മ ഉറപ്പുവരുത്തുന്നതി നോടൊപ്പം വിപണന മേഖല ആദായകരവും സൗകര്യപ്രദവു മാക്കാൻ ഷോപ്പിംഗ് മാളുകളും ഹോം ഡെലിവറി സംവിധാനവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) സപ്ലൈകോ ഡിപ്പോ തലത്തിൽ സ്വീകരിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തുവാൻ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി നിലവിലുണ്ട്. ഷോപ്പിംഗ് മാളുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥല സൗകര്യം വാടകയ്ക്കോ പാട്ടത്തിനോ ലഭ്യമാകുക യാണെങ്കിൽ പരിഗണിക്കുന്നതാണ്. ഹോം ഡെലിവറി സംവിധാനം ആവശ്യമായ പഠനങ്ങൾ നടത്തിയ ശേഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ